(സി) ഈ ഹൈക്കോടതി ഉത്തരവ് നീട്ടിക്കിട്ടുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്നും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. കണ്ണൂർ സെന്റ് തോമസ് ഹൈസ്ക്കൂൾ മാനേജർ, ഫാദർ മാത്യു വില്വന്താനം ഫയൽ ചെയ്ത ഡബ്ല്യു. പി. (സി) നമ്പർ 29124/04 കേസിലും

2. അർക്കന്നൂർ ഹൈസ്ക്കൂൾ മാനേജർ ശ്രീമതി ബി. സരസ്വതി അമ്മ ഫയൽ ചെയ്ത ഡബ്ല്യു. പി (സി) നമ്പർ 28824/03 കേസിലും.

(സി) ഉണ്ട്. പുതിയ സ്കൂളുകൾ അനുവദിക്കുന്നതിന് ഹൈക്കോടതിയുടെ അനുമതി തേടിക്കൊണ്ട് സത്യവാങ്മൂലം ഫയൽ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ കോടതി അനുമതി നൽകിയപ്രകാരം ഉത്തരവിറക്കുകയും ചെയ്തു.

പ്ലസ് ടു ക്ലാസ്സിലേക്കുള്ള പ്രവേശനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും അനുവദിച്ചിട്ടുള്ള സംവരണം.

105 [1515] ശ്രീ. എം. പി. ഗംഗാധരൻ:

" പി. ജെ. ജോയി:

" എൻ. ശക്തൻ:

" ടി. എൻ. പ്രതാപൻ:

" കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടു ക്ലാസ്സുകളിലേക്കുള്ള പ്രവേശനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക വിഭാഗങ്ങൾക്കും സംവരണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഒ. ഇ. സി. വിഭാഗത്തിൽപ്പെടുന്നവർക്ക് പ്രത്യേക റിസർവേഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(സി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ കാര്യത്തിൽ പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾക്കർഹതയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ പ്ലസ്ടു കോഴ്സിൽ പ്രവേശനത്തിന് ഇല്ലാത്തപക്ഷം മാത്രം ആ ഒഴിവിൽ ഒ. ഇ. സി. വിഭാഗത്തിന് പ്രവേശനം നൽകിയാൽ മതിയെന്ന് തീരുമാനിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഒ. ഇ. സി. വിഭാഗത്തിനും പ്ലസ്ടു പ്രവേശന കാര്യത്തിൽ പ്രത്യേക റിസർവേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികജാതിക്കാർക്ക് സർക്കാർ, എയ്ഡഡ് ന്യൂനപക്ഷ/പിന്നോക്ക വിഭാഗങ്ങൾ നടത്തുന്ന എയ്ഡഡ് സ്ക്കൂളുകൾ എന്നിവയിൽ 12 ശതമാനം വീതവും പട്ടികവർഗ്ഗക്കാർക്ക് 8 ശതമാനം വീതവും സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റു പിന്നോക്ക ജാതിയിൽപ്പെട്ട കുട്ടികൾക്ക് സർക്കാർ സ്ക്കൂളുകളിൽ പ്രവേശനത്തിന് താഴെ പറയുന്ന പ്രകാരമാണ് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്:

1.	ഈഴവ	..	8 ശതമാനം
2.	മുസ്ലീം	..	7 ശതമാനം
3.	ലത്തീൻ/എസ്. ഐ. യു. സി.	..	1 ശതമാനം
4.	മറ്റു പിന്നോക്ക ക്രൈസ്തവ വിഭാഗം	..	1 ശതമാനം
5.	മറ്റുപിന്നോക്ക ഹിന്ദു വിഭാഗം	..	1 ശതമാനം

(ബി—ഇ) നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തിയിട്ടില്ല. അവർക്ക് സംവരണം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ആലത്തൂർ ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂളിൽ ഹയർസെക്കണ്ടറി കോഴ്സ് അനുവദിക്കണമെന്ന നിവേദനങ്ങൾ

106 [1516] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂളിൽ ഹയർസെക്കണ്ടറി കോഴ്സ് അനുവദിക്കണമെന്നപേക്ഷിക്കുന്ന നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ അദ്ധ്യയന വർഷം തന്നെ ആലത്തൂർ ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂളിന് ഹയർസെക്കണ്ടറി കോഴ്സ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ—സി) ഇത്തരം ഒരു നിവേദനം ലഭിച്ചതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly